സി1/190/2016-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 31-08-2016

പ്രേഷിതൻ
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-സർക്കാരിലേക്ക് കണ്ടു കെട്ടി ലേലം ചെയ്ത് സ്ക്രാപ്പായി വിറ്റ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നത് സംബന്ധിച്ച്

സൂചന: കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് നം. എം.51/15 തീയതി 11-07-2016

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുമ്പോൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

e- 6201/2016. C

## സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി

കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിൻെറ ഉത്തരവ്.
(ഹാജർ- കെ ഗോപാലകൃഷ്ണൻ, ഐ. എ. എസ്.)

വിഷയം: അനധികൃത പുഴ മണൽ കടത്ത് - സർക്കാറിലേക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്ത് വിറ്റ് ലഭിച്ച തുക ജില്ലാ കലക്ടറുടെ റിവർ മാനേജ്മെൻറ് ഫണ്ടിൽ അടവാക്കി - ലേലം കൊണ്ടവർക്ക് വാഹനം വിട്ടു നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:
1. 15.12.2014 ലെ GO (MS) 550/2014/Fin നമ്പർ ഗവ. ഉത്തരവ്.
2. 5.6.2015 ലെ GO (MS) 212/2015/Fin നമ്പർ ഗവ. ഉത്തരവ്.
3. ജില്ലാ കലക്ടറുടെ 19.12.14 ലെ D6. 33257/14 നമ്പർ ഉത്തരവ്.
4. ജില്ലാ കലക്ടറുടെ 7.5.2015 ലെ D6. 33257/14 നമ്പർ ഉത്തരവ്.
5. പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ 22.1.2016 ലെ D1. S.R./2015 നമ്പർ റിപ്പോർട്ട്.
6. MSTC Limited കമ്പനിയുടെ 23.6.16 ലെ MSTC/BLR/16-17/592 നമ്പർ ഡെലിവറി ഓർഡർ.
7. ജില്ലാ കലക്ടറുടെ 11.7.16 ലെ കുറിപ്പ്.

### ഉത്തരവ് നമ്പർ എം. 51/15, തിയ്യതി 11.7.16

അനധികൃതമായി പുഴമണൽ കടത്തിയതിന് വിവിധ കാലയളവുകളിൽ സർക്കാറിലേക്ക് കണ്ടുകെട്ടപ്പെട്ട വാഹനങ്ങൾ, ഉടമകൾ അവകാശപ്പെടാതെ, ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലും റവന്യൂ ഓഫീസ് പരിസരങ്ങളിലും നിർത്തിയിട്ടിരിക്കയാണ്. തന്മൂലം പരിസര മലിനീകരണവും സർക്കാറിന് വരുമാന നഷ്ടവും സ്ഥല ലഭ്യതക്കുറവ് കാരണമുള്ള അസൌകര്യങ്ങളും ഉണ്ടാകുന്നു. ഇത്തരം വാഹനങ്ങൾ പൊതുമേഖലാ സ്ഥാപനമായ എം.എസ്.ടി.സി. ലിമിറ്റഡ് കമ്പനി മുഖേന ഇ-ലേലം നടത്തി, തുക സർക്കാറിലേക്ക് മുതൽക്കൂട്ടണമെന്ന് സൂചന 1, 2 പ്രകാരം ഗവൺമെൻറ് ഉത്തരവായിട്ടുള്ളതാണ്. ആയതിൻെറ അടിസ്ഥാനത്തിൽ, സൂചന 3 പ്രകാരം സബ് കലക്ടർ/ആർ.ഡി.ഒ. യെ നോഡൽ ഓഫീസറായി നിയമിച്ചും, സൂചന 4 പ്രകാരം സബ് കലക്ടർ/ആർ.ഡി.ഒ. കൺവീനറും സീനിയർ ഫിനാൻസ് ഓഫീസർ/ഫിനാൻസ് ഓഫീസർ, അസി. എക്സിക്യൂട്ടീവ് എൻജിനീയർ (മെക്കാനിക്കൽ സബ് ഡിവിഷൻ) പി.ഡബ്ല്യൂ.ഡി എന്നിവരെ അംഗങ്ങളുമാക്കി ഒരു ഫെയർ വാല്യു ഫിക്സേഷൻ കമ്മറ്റി രൂപീകരിച്ചും ജില്ലാ കലക്ടർ ഉത്തരവിട്ടിട്ടുണ്ട്.

ഫെയർ വാല്യു ഫിക്സേഷൻ കമ്മറ്റി, ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകൾ, വന്യു കാര്യാലയങ്ങൾ ' എന്നിവ സന്ദർശിച്ച്, പല കാലങ്ങളിലായി ' നിർത്തിയിട്ട വാഹനങ്ങൾ പരിശോധിച്ച് വില നിശ്ചയിച്ച് സൂചന 5 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഒരോ സ്ഥലത്തേയും വാഹനങ്ങൾ ഒന്നിച്ച് ഓരോ ലോട്ടുകളായി തിരിച്ച് എം.എസ്.ടി.സി. ലിമിറ്റഡ് കമ്പനി മുഖേന 8.6.16 ന് ഇ-ലേലം ചെയ്യുകയും അനുബന്ധം I ൽ വിവരിച്ച പ്രകാരം 'M/s മാഗ്നം അയേൺ & സ്റ്റീൽസ് ട്രേഡേഴ്സ്, 3842/2 എ 12, ബന്നിമണ്ടപ് എ. ഇൻഡസ്ട്രിയൽ ഏരിയ, ബി ബി മിൽ റോഡ്, മൈസൂർ, കർണാടക, പിൻ 570015' എന്ന സ്ഥാപനം ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്. ലേലം കൊണ്ട സ്ഥാപനം ലേലം കൊണ്ട തുകയായി (സെയിൽസ് ടാക്സ്, ടി സി എസ് എന്നിവ ഉൾപ്പടെ) ഐ സി ഐ സി ഐ ബാങ്കിൽ നിന്നും 22.6.2016 ന് എടുത്ത 8,61,840/- (എട്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി എണ്ണൂറ്റി നാല്പത്) രൂപയുടെ, '203509 നമ്പർ ഡിമാൻറ് ഡ്രാഫ്റ്റ് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഡി ഡി ജില്ലാ കലക്ടർക്ക് അയച്ചു കൊടുത്ത പ്രകാരം തുക ജില്ലാ കലക്ടറുടെ റിവർ മാനേജ്മെൻറ് ഫണ്ടിൽ വരവ് വെച്ചതായി സൂചന 7 പ്രകാരം ജില്ലാ കലക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, അനുബന്ധം I ൽ വിവരിച്ച പ്രകാരം പൊതുമേഖലാ സ്ഥാപനമായ എം.എസ്.ടി.സി. ലിമിറ്റഡ് കമ്പനി മുഖേന 8.6.16 ന് നടത്തിയ ഇ-ലേലത്തിൽ ലോട്ട് ഏഴിന് (35 വാഹനങ്ങൾ, ഫറോക്ക് പോലീസ് സ്റ്റേഷൻ) ഏറ്റവും കൂടിയ തുകക്ക് (8,40,000/-) ലേലം കൊണ്ട 'M/s മാഗ്നം അയേൺ & സ്റ്റീൽസ് ട്രേഡേഴ്സ്, 3842/2A – 12, ബന്നിമണ്ടപ് എ. ഇൻഡസ്ട്രിയൽ ഏരിയ, ബി ബി മിൽ റോഡ്, മൈസൂർ, കർണാടക, പിൻ 570015' എന്ന സ്ഥാപനത്തിന് ലേലത്തിൽ എടുത്ത വാഹനങ്ങൾ മണൽ ഒഴിവാക്കി വിട്ട് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലേലം കൊണ്ട സ്ഥാപനം 26.7.2016 ാം തീയതിക്കകം അനുബന്ധം I ൽ പരാമർശിച്ച എല്ലാ വാഹനങ്ങളും യഥാ സ്ഥലത്തു നിന്നും പൂർണമായും ഏറ്റെടുത്ത് നീക്കം ചെയ്യേണ്ടതും അല്ലാത്ത പക്ഷം വ്യവസ്ഥകളിൽ പ്രതിപാദിച്ച പ്രകാരമുള്ള തുകകൾ ഈടാക്കുന്നതോ ലേലത്തുക സർക്കാറിലേക്ക് മുതൽക്കൂട്ടി ടി വാഹനങ്ങൾ മറ്റ് തരത്തിൽ വിൽപന നടത്തുകയോ ചെയ്യുന്നതായിരിക്കും. പ്രസ്തുത വാഹനങ്ങൾ കസ്റ്റഡിയിൽ വെച്ചിരിക്കുന്ന ബന്ധപ്പെട്ട അധികാരികൾ വാഹനങ്ങൾ ലേലം കൊണ്ട മേൽ പരാമർശിച്ച സ്ഥാപനത്തിന്റെ അധികാരികൾക്ക് എം.എസ്.ടി.സി. ലിമിറ്റഡ് കമ്പനി അനുവദിച്ച ഇ-ലേലം തിരിച്ചറിയൽ കാർഡ് പരിശോധിച്ച് ടി വാഹനങ്ങൾ വിട്ടു നൽകേണ്ടതും ആയവ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കേണ്ടതുമാണ്.

അനുബന്ധം 1 ൽ പരാമർശിച്ച വാഹനങ്ങൾ സ്ക്രാപ് ആയി ലേലം ചെയ്ത് വിൽപന നടത്തിയ സാഹചര്യത്തിൽ, ബന്ധപ്പെട്ട ആർ.ടി.ഒ/ ജോ. ആർ.ടി.ഒ. മാർ പ്രസ്തുത വാഹനങ്ങളുടെ റജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതും അവയുമായി ബന്ധപ്പെട്ട എല്ലാ ബാധ്യതകളും നടപടികളും അവസാനിപ്പിക്കേണ്ടതുമാണ്.

സബ് ഡിവിഷണൽ മജിസ്ട്രേറ്റ്.

'M/s മാഗ്നം അയേൺ & സ്റ്റീൽസ് ട്രേഡേഴ്സ്,
3842/2A – 12, ബന്നിമണ്ടപ് എ. ഇൻഡസ്ട്രിയൽ ഏരിയ,
ബി ബി മിൽ റോഡ്, മൈസൂർ, കർണാടക, പിൻ 570015'

പകർപ്പ്-

സബ് ഇൻസ്പെക്ടർ, ഫറോക്ക് പോലീസ് സ്റ്റേഷൻ.

ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ് ടവർ, വഴുതക്കാട്, തിരുവനന്തപുരം.

അറിവിലേക്കായി, ആമുഖകത്ത് സഹിതം

ജില്ലാ കലക്ടർ, കോഴിക്കോട്.

ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റി

Annexure 1

## VEHICLE DETAILS - AUCTIONed on 8.6.16 by MSTC LIMITED

| Sl. No. | SDM File No. | Vehicle Regn. No. | Class | Make | Location | Crime No. | Date of Seizure |
|---|---|---|---|---|---|---|---|
| | LOT 7 - Bid Value Rs. 8,40,000/- Taken by M/s Magnum Iron & Steels Traders, 3842/2A-12, Bannimandap A, Industrial Area, BB Mill Road, Mysore, Karnataka, Pin - 570015. | | | | | | |
| 1 | M1. 5093/13 | KL-07-K-6168 | Tipper | M&M | Feroke Police Station | 664/11 | 30.11.2011 |
| 2 | M1. 5098/13 | KL-37-2951 | Goods Auto | Bajaj | Feroke Police Station | 623/11 | 10.11.11 |
| 3 | M1. 5096/13 | KL-18-3087 | Goods Auto | APE | Feroke Police Station | 682/11 | 9.12.11 |
| 4 | M1. 6476/13 | KL-09-U-8569 | Goods Auto | Bajaj | Feroke Police Station | 407/09 | 24.8.09 |
| 5 | M1. 10409/13 | KL-11-Y-3494 | Goods Auto | PIAGGIO | Feroke Police Station | 3/C2/Sand13 | 21.8.13 |
| 6 | M1.13123/13 | KL-54-B-3440 | Goods Auto | PIAGGIO | Feroke Police Station | 461/13 | 1.11.13 |
| 7 | M1. 14041/13 | KL-55-C-9461 | Tipper | TATA | Feroke Police Station | 500/13 | 4/11/2013 |
| 8 | M1. 14329/13 | KL-56-C-3793 | APE Truck | PIAGGIO | Feroke Police Station | 505/13 | 26.11.13 |
| 9 | M1. 15174/13 | KL-11-T-1296 | Goods Auto | Bajaj | Feroke Police Station | 546/13 | 24.12.13 |
| 10 | M1. 359/14 | KL-10-AD-8551 | Goods Auto | PIAGGIO | Feroke Police Station | 560/13 | 30/12/16 |
| 11 | M1. 697/14 | KL-07-P-806 | VAN | Maruthi Omni | Feroke Police Station | | 7.1.14 |
| 12 | M1. 1378/14 | KL-21-B-7659 | Goods Auto | PIAGGIO | Feroke Police Station | 60/14 | 30.1.14 |
| 13 | M1. 3398/14 | KL-51-A-5169- | Goods Auto | PIAGGIO | Feroke Police Station | 111/14 | 19/2/14 |
| 14 | M1. 3571/14 | KL-07-Z-5315 | Tipper | M&M | Feroke Police Station | 169/14 | 18/3/14 |
| 15 | M1. 3954/14 | KL-18-A-2151 | can't recognise | unknown | Feroke Police Station | 194/14 | 27/3/14 |
| 16 | M1. 3956/14 | KL-11-AJ-2771 | Goods Auto | PIAGGIO | Feroke Police Station | 192/14 | 25/3/14 |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | M1. 6490/14 | KL-59-C-4549 | APE Truck | PIAGGIO | Feroke Police Station | 381/14 | 7/6/2014 |
| 18 | M1. 6905/14 | KL-11-U-7567 | Tipper | M&M | Feroke Police Station | 411/14 | 16/6/14 |
| 19 | M1. 8021/14 | KL-11-V-22 | Goods Auto | PIAGGIO | Feroke Police Station | 485/14 | 20/3/14 |
| 20 | M1. 8814/14 | KL-53-B-3844 | APE Truck | PIAGGIO | Feroke Police Station | 474/14 | 4/7/2014 |
| 21 | M1. 8882/14 | KL-08-S-5693 | Tipper | M&M | Feroke Police Station | 536/14 | 26.7.14 |
| 22 | M1. 9201/14 | KL-11-W-335 | Tipper | Nisan | Feroke Police Station | 559/14 | 5/8/2014 |
| 23 | M1. 9268/14 | KL-08-AC-1817 | Tipper | M&M | Feroke Police Station | 567/14 | 8/8/2014 |
| 24 | M1. 9791/14 | KL-10-AE-2423 | Goods Auto | PIAGGIO | Feroke Police Station | 618/14 | 19/8/14 |
| 25 | M1. 10012/14 | KL-56-C-2499 | Goods Auto | PIAGGIO | Feroke Police Station | 632/14 | 24/8/14 |
| 26 | M1. 10742/14 | KL-13-N-683 | Goods Auto | PIAGGIO | Feroke Police Station | 662/14 | 6/9/2014 |
| 27 | M1. 11426/14 | KL-11-F-1438 | Car | Maruthi | Feroke Police Station | 697/14 | 21.9.14 |
| 28 | M1. 11497/14 | KL-09-R-554 | Tipper | M&M | Feroke Police Station | 643/14 | 28.8.14 |
| 29 | M1. 12478/14 | KL-58-460 | Goods Auto | PIAGGIO | Feroke Police Station | 731/14 | 13.10.14 |
| 30 | M1. 13180/14 | KL-57-B-2934 | Goods Auto | PIAGGIO | Feroke Police Station | 792/14 | 5.11.14 |
| 31 | M1. 13771/14 | KL-11-X-5078 | Goods Auto | PIAGGIO | Feroke Police Station | 791/14 | 4.11.14 |
| 32 | M1. 13770/14 | KL-08-P-6255 | Tipper | M&M | Feroke Police Station | 491/13 | 20.11.13 |
| 33 | M1. 8020/14 | KL-11-R-877 | Goods Auto | PIAGGIO | Feroke Police Station | 490/14 | 9.7.14 |
| 34 | M1. 961/14 | KL-11-AF-8863 | Goods Auto | PIAGGIO | Feroke Police Station | 563/13 | 31.12.13 |
| 35 | M1. 13392/13 | KL-58-E-295 | Goods Auto | PIAGGIO | Feroke Police Station | 470/13 | 6.11.13 |

Sub Divisional Magistrate
Kozhikode